**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **17-03-2022 - ൽ മറുപടിയ്ക്ക്**

**ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ യൂണിറ്റിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ യൂണിറ്റിലെ ജീവനക്കാരുടെ തൊഴിൽ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള 597/എഫ്2/2016/വ്യവ. നമ്പർ ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) | വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് നിലവിലുള്ള 597/എഫ്2/2016/വ്യവ. നമ്പർ ഫയലിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് വരികയാണ്. ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് ഭാവിയിൽ ശമ്പള ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 06/11/2020-ൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിയാബ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം റിയാബ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് സിഡ്കോയുടെ അഭിപ്രായത്തിനായി 17/11/2021-ൽ നൽകിയിട്ടുണ്ട്. സിഡ്കോയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ